**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3082** **25-10-2021 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി ബസ്സ്ബേ ടെർമിനൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി വലിയപാലത്തിനോട് ചേർന്നുള്ള ബസ്സ്ബേ ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട മണ്ണ് പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭിക്കുന്നതിലുള്ള കാലതാമസത്തിലന്റെ കാരണം അറിയിക്കാമോ; | (എ) | കടുത്തുരുത്തി ബസ്സ്ബേ ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (ബി) | ബസ്സ്ബേയുടെ ഡിസൈൻ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വകുപ്പ് ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 04.08.2021 ൽ ബസ് ബേയുടെ Tentative General Design Drawing ലഭിച്ചിട്ടുണ്ട്. |
| (സി) | ഡിസൈൻ അനുമതിക്കായി പൊതുമരാമത്ത് വകുപ്പ് കഴിഞ്ഞ രണ്ട് വർഷമായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; അനുമതി ലഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കാമോ; | (സി) | ഫീസിബിലിറ്റി റിപ്പോർട്ടിനെ ആസ്പദമാക്കിയുള്ള ജനറൽ ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കി വരുന്നു. 2021 നവംബർ മാസം ആദ്യവാരത്തിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പൊതുമരാമത്ത് നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കടുത്തുരുത്തിയുടെ കാര്യാലയത്തിൽ നിന്നും പൂർത്തീകരിക്കുകയും തുടർ നടത്തിപ്പിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പാലങ്ങൾ) ഡിവിഷനിലേക്ക് കൈമാറി നൽകുകയും ചെയ്ത ഡി.പി.ആർ. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ടോ; ആയത് അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ നിന്ന് കിട്ടിയ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടാണ് പാലം വിഭാഗത്തിന് കൈമാറി നൽകിയത്. ഈ റിപ്പോർട്ട് പാലം വിഭാഗത്തിൽ നിന്ന് ഡിസൈൻ വിഭാഗത്തിലേയ്ക്ക് സമർപ്പിക്കുകയും അതനുസരിച്ച് ഡിസൈൻ യൂണിറ്റ് Tentative General Design Drawing തയ്യാറാക്കുകയും ഇതിൻപ്രകാരം ഡി പി ആർ പാലം വിഭാഗം തയ്യാറാക്കിയിട്ടുമുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ